**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്ത് 2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ 3.2, 3.4 എന്നി ഖണ്ഡികകൾ - 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.3 എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 527/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 21/03/2015**

---

**പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 01/04/2014-ലെ എം3-11756/14 നമ്പർ കത്ത്.**

**2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22/07/2014-ലെ L.F. P.T1/7042/2014-ാം നമ്പർ കത്ത്.**

## ഉത്തരവ്

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ച് സോഡിയം വേപ്പർ ലാമ്പ് വാങ്ങുന്നതിന് ചെലവഴിച്ച 3,92,246/- (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഇരുനൂറ്റി നാല്പത്തിയാറ് രൂപ മാത്രം) രൂപയും ഖണ്ഡിക 3.4 പ്രകാരം സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനത്തിലുള്ള 'പട്ടികജാതി വീടുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണം' എന്ന പദ്ധതിയനുസരിച്ച് ചെലവ് ചെയ്ത 5,20,170/- (അഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി നൂറ്റിയെഴുപത് രൂപ മാത്രം) രൂപയും 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.3 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിട നികുതിയിനത്തിൽ കിഴിവ് അനുവദിച്ച പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നടപടിയും ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

പ്രസ്തുത വിഷയങ്ങളിൽ സർക്കാർ സാധൂകരണത്തിനായി മീനച്ചിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03/12/2013-ലെ 13(1)-ാം നമ്പർ തീരുമാനം, 03/12/2013-ലെ 13(2) -ാം നമ്പർ തീരുമാനം, 03/12/2013-ലെ 13(3)-ാം നമ്പർ തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ തീരുമാനം എന്നിവ സഹിതം പരാമർശം 1 പ്രകാരം പഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 03/12/2013-ലെ 13(1)-ാം നമ്പർ തീരുമാന പ്രകാരം തീർത്ഥാടകർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റോഡുകൾ കടന്നു പോകുന്ന പ്രദേശത്ത് വഴിവിളക്കുകൾ സ്ഥാപിക്കുന്നത് അനിവാര്യമായതിനാലും, മറ്റ് ഫണ്ടുകളൊന്നും ലഭ്യമല്ലാത്തതുമായ സാഹചര്യത്തിലാണ് വികസന ഫണ്ട് വിനിയോഗിക്കേണ്ടി വന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. 03/12/2013-ലെ 13(2)-ാം നമ്പർ തീരുമാന പ്രകാരം വീടുകളുടെ സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകിയ 28 പട്ടിക ജാതി കുടുംബങ്ങളുടെ വീടുകളുടെ പരിസരങ്ങൾ

ചരിഞ്ഞ പ്രദേശവും കണ്ടം കഴിയുമായി കിടക്കുന്നതും മുറ്റമോ മറ്റു സൗകര്യങ്ങളോ ഇല്ലാത്തതും ആകയാൽ കുട്ടികൾക്കും മുതിർന്നവർക്കും അപകടങ്ങൾക്ക് കാരണമാകുന്നതിനാലും നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യം വച്ച് നടപ്പാക്കിയ പദ്ധതിയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, പരാമർശം (2) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ 2010-11, 2011-12 റിപ്പോർട്ടിലെ ഖണ്ഡിക 3.2 സംബന്ധിച്ച് പഞ്ചായത്തിന്റെ കുറഞ്ഞ തനത് വരുമാനവും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പരിഗണിച്ച് 3,92,246/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണ് എന്നും ഖണ്ഡിക 3.4 സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ വിശദീകരണവും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പരിഗണിച്ച് 5,20,170/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണ് എന്നും 2008-09 വർഷ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.3 സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കെട്ടിട നികുതി കുറവു ചെയ്തു കൊടുത്തതിന് സർക്കാർ സാധൂകരണം നൽകാവുന്നതാണ് എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.2 പ്രകാരം ചെലവ് ചെയ്ത 3,92,246/- (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഇരുനൂറ്റി നാൽപത്തിയാറ് രൂപ മാത്രം) രൂപയും ഖണ്ഡിക 3.4 പ്രകാരം ചെലവ് ചെയ്ത 5,20,170/-(അഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി നൂറ്റിയെഴുപത് രൂപ മാത്രം) രൂപയും 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2.3 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിട നികുതിയിനത്തിൽ കിഴിവ് അനുവദിച്ച പഞ്ചായത്ത് നടപടിയും സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കോട്ടയം
സെക്രട്ടറി, മീനച്ചിൽ ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ